# വിശപ്പും പ്രവാസവും പാകപ്പെടുത്തിയ ബിരിയാണി.

**ഡോ.ജയകുമാർ എസ് എസ്.**
**അസി.പ്രൊഫസർ,**
**പി.എം.ഗവ.കോളേജ്,ചാലക്കുടി,തൃശൂർ.**
**Mob:9447293902.**

ഉത്തരാധുനിക മലയാളചെറുകഥാകൃത്തുക്കളിൽ ശ്രദ്ധേയനാണ് സന്തോഷ് ഏച്ചി ക്കാനം. കഥയുടെ അനുഭവപരിസരത്തും ആഖ്യാനസവിശേഷതകളിലും പ്രകടിപ്പിച്ച നവീകരണങ്ങളാണ് അദ്ദേഹത്തിന്റെ കഥകളെ ഉത്തരാധുനിക ചെറുകഥകളുടെ അടയാള വാക്യങ്ങളാക്കി മാറ്റിയത്. ആധുനികതാപാരമ്പര്യത്തിന്റെ ഉടലും ഉയിരുമാണ് അദ്ദേഹ ത്തിന്റെ കഥകളിൽ വായിച്ചെടുക്കാൻ കഴിയുന്നത്. വർത്തമാനകാല സമൂഹത്തിന്റെ നേർക്കാഴ്ചയാണ് ഏച്ചിക്കാനത്തിന്റെ കഥകൾ. തീവ്രമായ സമകാലിക യാഥാർത്ഥ്യങ്ങ ളെയാണ് സന്തോഷ് പലപ്പോഴും കഥയുടെ പ്രമേയമായി സ്വീകരിക്കാറുള്ളത്. കഥ ഒരേസമയം കാലഘട്ടത്തിന്റെ പരിച്ഛേദവും അനുഭവലോകത്തിന്റെ അറിവടയാളവുമാക ണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അസ്വസ്ഥത ജനിപ്പിക്കുന്ന സാമൂഹികജീവിതാനുഭവങ്ങളെ കഥയുടെ പരിസരത്തിലേക്ക് കൂട്ടിക്കൊണ്ടു വരുവാൻ ഏച്ചിക്കാനം താല്പര്യം കാണിച്ചത് അതുകൊണ്ടാണ്. നമ്മൾ കണ്ട് ബോധപൂർവം മറന്നു കളയുന്ന സംഭവങ്ങൾ എഴുത്തുകാരന്റെ പ്രതിഭയെ വല്ലാതെ അലട്ടിക്കൊണ്ടിരിക്കും. വായനക്കാരുടെ ചിന്തയെ അലോസരപ്പെടുയത്തും വിധം അത് ശക്തമായി ആവിഷ്കരി ക്കുകയും ചെയ്യും. ഏച്ചിക്കാനത്തിന്റെ കഥകൾ ഇത്തരത്തിലുള്ളതാണ്. സമൂഹത്തിലെ പൊള്ളുന്ന യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടയ്ക്കുന്ന സമകാലിക സമൂഹത്തെ

ഞെട്ടിച്ചു ണർത്തുന്നവയാണ് ഏച്ചിക്കാനത്തിന്റെ ഭൂരിപക്ഷം കഥകളും. ബിരിയാണി(2016) എന്ന കഥ അതിന് മികച്ച ദൃഷ്ടാന്തമാണ്.

കലന്തൻ ഹാജിയെന്ന ധനികന്റെ പേരക്കുട്ടിയുടെ വിവാഹസൽക്കാരത്തിനായി തയ്യാറാക്കിയ ബിരിയാണി ആവശ്യം കഴിഞ്ഞുള്ളവ വെട്ടിമൂടാനാണ് ഗോപാൽ യാദ വെന്ന ബീഹാറുകാരനെ ഹാജിയുടെ വീട്ടിലേക്കെത്തിക്കുന്നത്. അവന്റെ ജീവിതത്തെ ചുറ്റിപ്പറ്റിയാണ് വിശപ്പും ദാരിദ്ര്യവും മരണവും ഇഴചേർന്നു നില്ക്കുന്ന കഥ സന്തോഷ് ഏച്ചിക്കാനം പറയുന്നത്. ബീഹാറിലെ ലാൽ മാത്തിയ സ്വദേശിയാണ് ഗോപാൽ യാദവ്. അവിടെ കൽക്കരീടെ പണിയായിരുന്നു. ഹാജിയാരുടെ വീട്ടിലേയ്ക്കുള്ള യാത്ര യ്ക്കിടെ അസൈനാർച്ചയുടെ ഫോർച്യൂണർ വണ്ടിയിലിരിക്കവേയാണ് ഗോപാൽ യാദവ് തന്റെ ഭൂതകാലത്തിന്റെ ദുരിതപൂർണ്ണമായ ഏട്ടിവർത്തിക്കാണിക്കുന്നത്. ഗോപാൽ യാദവ് രാജ്മഹൽ കോൾ മൈനിങ്ങിനെപ്പറ്റി പറഞ്ഞു തുടങ്ങി. ഖനനം നിർത്തി കമ്പനി വിട്ട സ്ഥലങ്ങളിൽ രണ്ടാം തരം കൽക്കരി കുറേ ഉണ്ടാകും. നിയമ തടസ്സങ്ങൾ ഉണ്ടെ ങ്കിലും അതൊന്നും നോക്കാതെ നാട്ടുകാർ അത് വാരാൻ തുടങ്ങും. അധികവും സ്ത്രീകളാണ്. അവിടെ വെച്ചാണ് ഗോപാൽ മാതംഗിയെ കാണുന്നത്. ലാൽ മാത്തിയയിൽ നിന്നും ഇരുന്നൂറ്റമ്പത് കിലോ കൽക്കരി സൈക്കിളിൽ വെച്ച് ഗൊദ്ദവരെ നാല്പതു കിലോമീറ്റർ തള്ളിക്കൊണ്ടു പോകണം. ചിലപ്പോൾ ആ പോക്ക് വീണ്ടും ഇരുപത് കിലോമീറ്റർ വരെ നീളും ബാംഗ വരെ. ദിവസവും പത്തു രൂപ വെച്ചു കിട്ടും.

“പടച്ചോനേ പത്ത് ഉർപ്യോ” എന്ന് അസൈനാർച്ച തലയിൽ കൈവെച്ചു. പിന്നീടാണ് സാധാരണക്കാരോട് അധികാരിവർഗ്ഗം നടത്തുന്ന ചൂഷണത്തിന്റെ തീവ്രത കഥാകൃത്ത് വിവരിക്കുന്നത്.

“നൂറ്റമ്പത് കിട്ടും” ഗോപാൽ യാദവ് പറഞ്ഞു. “അതീന്ന് പോലീസുകാരുടെ രംഗ്ദാരിയും ഗുണ്ടാപ്പിരിവും പിന്നെ സൈക്കിളിന്റെ ട്യൂബ് മാറ്റൽ ബോൾ ബെയറിങ്ങിന്റെ പണി അതൊക്കെ കഴിയുമ്പോൾ കൈയിൽ പത്തേ കാണൂ സാബ്” എന്ന് ഗോപാൽ യാദവ് തന്റെ അവസ്ഥയുടെ ദയനീയത വിവരിച്ചു.
“എന്നിട്ടാണോ നീയെന്നോട് നൂറ് ഉർപ്യ കൂട്ടിച്ചോയിച്ചത്” എന്ന് അസൈനാർച്ച ദേഷ്യം പ്രകടിപ്പിച്ചു.

തന്റെ കഷ്ടപ്പാടുകൾ ഇയാളോട് പറയേണ്ടിയിരുന്നില്ലെന്ന് ഗോപാൽ യാദവിന് തോന്നി. ഗൊദ്ദയിൽ നിന്നും പാതിരാത്രി സൈക്കിൾ ചവിട്ടി വീട്ടിലെത്തുമ്പോൾ തന്നെയും കാത്ത് വിശന്നു പൊരിഞ്ഞ് അവസാനം മണ്ണുണുവാരിത്തിന്ന് ഉറങ്ങുന്ന പയറുവള്ളിയെക്കാൾ മെലിഞ്ഞ കഴുത്തും ഉന്തിയ വയറുമുണ്ടായിരുന്ന ഒരു മകൾ അസൈനാറിനില്ലല്ലോ എന്ന് ഗോപാൽ യാദവ് ചിന്തിച്ചു. ദരിദ്രനാണെങ്കിലും ജീവിത ത്തിലെ ചില അടിസ്ഥാന സത്യങ്ങൾ താൻ നടന്നു താണ്ടിയ പൊള്ളുന്ന ജീവിതപ്പാത യിൽ നിന്നും ഗോപാൽ യാദവ് തിരിച്ചറിഞ്ഞിരുന്നു.
“നമ്മൾ ഒരാളോട് നമ്മടെ വേവലാതികൾ പറയുമ്പൊ കേൾക്കുന്ന ആൾ അതേ തോതിലല്ലെങ്കിലും അങ്ങനെ ചില വേദനകളിലൂടെ ചെറുതായിട്ടൊന്ന് കടന്നു പോയിരി ക്കുകയെങ്കിലും വേണം. അല്ലാത്തവരോട് പറയരുത്. പറഞ്ഞാൽ നമ്മൾ സ്വയം കുറ്റ വാളിയോ കോമാളിയോ ആയിത്തീരും.”
ഇതൊക്കെ എന്നേ തിരിച്ചറിഞ്ഞ കാര്യങ്ങളാണ്. രംഗ്ദാരി പിരിച്ചെടുക്കുമ്പോൾ എത്ര വട്ടം പോലീസുകാരുടെ കാൽക്കൽ വീണിട്ടുണ്ട്. അവർ ഒരിഴജന്തുവിനെപ്പോലെ കുടഞ്ഞു കളഞ്ഞതല്ലാതെ പിരിവിൽ ഒരിക്കലും ഒരിളവ് തന്നില്ല.

വണ്ടി കലന്തൻ ഹാജിയുടെ വീടിന് മുന്നിലെത്തിയപ്പോൾ കാറ്റിൽ ബസ്മതി അരിയുടെ സുഗന്ധം. ഗോപാൽ യാദവിന്റെ മകളുടെ പേരും ബസ്മതി എന്നാണ്. ആ പേരിനൊരു പശ്ചാത്തലമുണ്ട്. ലാൽമാത്തിയയിൽ ഷുക്കൂർ മിയയുടെ കടയിൽ വെച്ചാണ് ഗോപാൽ യാദവിന് ഭാര്യയായ മാതംഗി ആദ്യമായി ഈ അരി കാണിച്ചു കൊടുക്കുന്നത്. അവൾക്കന്ന് ആറാം മാസമായിരുന്നു. ചാക്കിൽ നിന്ന് ഒരു പിടി വാരി മൂക്കിനു നേരേ കൊണ്ടുവന്നപ്പോൾ അതിന്റെ വാസനയേറ്റ് അവളുടെ കണ്ണുകൾ പതുക്കെ ഒന്നടഞ്ഞു. തങ്ങളെപ്പോലെയുള്ളവർക്ക് അത് വില കൊടുത്തു വാങ്ങി ഉണ്ണാൻ പറ്റില്ലെന്നവൾ ക്കറിയാം. എങ്കിലും അയാൾ നിരാശപ്പെടുത്തിയില്ല. അമ്പത് ഗ്രാം തൂക്കിത്തരാൻ ഷുക്കൂർ മിയയോട് പറഞ്ഞു. തിരിച്ച് വീട്ടിലെത്തുംവരെ അവൾ അത് വായിലിട്ട് ചവച്ചു കൊണ്ടിരുന്നു. പെട്ടെന്ന് കഥാകൃത്ത് ആ സന്ദർഭത്തെ ആദിമമായൊരു ചിത്രത്തിലേക്ക് ചേർത്ത് വയ്ക്കുന്നു. അതിങ്ങനെയാണ്. "അരിമാവ് പശുവിൻ പാൽ പോലെ അവളുടെ കടവായിലൂടെ ഒഴുകി വന്നപ്പോൾ അത് തുടയ്ക്കാൻ സമ്മതിക്കാതെ ഗോപാൽ ആ കണ്ണിലേക്കു നോക്കി നിന്നു. ഒരു പശുക്കുട്ടിയെ കാണുന്നതുപോലെ."

കലന്തൻ ഹാജിയുടെ വീട്ടിലെത്തുമ്പോഴും തനിക്ക് അവിടെ ചെയ്യേണ്ട ജോലിയെ ക്കുറിച്ച് ഗോപാൽ യാദവിന് നിശ്ചയമുണ്ടായിരുന്നില്ല. ഹാജിയുടെ ബന്ധുവായ പയ്യൻ നല്കിയ പിക്കാസും കൈക്കോട്ടും കൊണ്ട് ചൂണ്ടിക്കാണിച്ച ഇടത്ത് ഗോപാൽ യാദവ് കുഴിയെടുക്കാനാരംഭിച്ചു. ആഴവും വീതിയും എത്രയെന്ന ചോദ്യത്തിന് 'ഭായിയുടെ ആയവും വീതിയും' എന്നായിരുന്നു ഉത്തരം. തന്റെ ആഗ്രഹങ്ങൾ ഇട്ടു മൂടാനുള്ള ശവക്കുഴി തന്നെയാണ് ഗോപാൽ യാദവ് കഴിക്കുന്നതെന്നാണ് ഇതിലൂടെ കഥാകൃത്ത് സൂചിപ്പി ക്കുന്നത്. ദരിദ്രഭൂരിപക്ഷത്തിന്റെ രക്തത്തിലും വിയർപ്പിലും കെട്ടിപ്പടുക്കുന്ന

രാഷ്ട്രത്തിന്റെ മിച്ചമൂല്യത്തോട് ബിരിയാണിക്ക് സാദൃശ്യമുണ്ടാകുന്നത് ഇങ്ങനെയാണ്.

ഉച്ചമുതൽ ഇരുട്ടുവോളം അധ്വാനിച്ച് യാദവ് കുഴിയൊരുക്കി, പിന്നെ ക്ഷീണിച്ച് അതിൽ തന്നെ വീണ് കിടന്നുറങ്ങിപ്പോയി.ഹാജിയുടെ ബന്ധുവായ സിനാന്റെ “ഹോ ഗയാ” എന്ന ചോദ്യം കേട്ടാണ് ഉണർന്നത്. ഗോപാൽ യാദവ് എഴുന്നേറ്റു. സിനാന്റെ കൈകൾ പിടിച്ച് മുകളിൽ എത്തിയതും എവിടെ നിന്നോ മൂന്നാലു പേർ ഒരു പച്ച വീപ്പ താങ്ങിക്കൊണ്ട് വന്ന് കുഴിയിലേക്ക് കമിഴ്ത്തി. എല്ലിൻ കഷണങ്ങളോടു കൂടിയ ബിരി യാണി ഒരു കുന്നു പോലെ ഇടിഞ്ഞു വീഴുന്നത് ഗോപാൽ യാദവ് ഒരു നെഞ്ചിടിപ്പോടെ നോക്കി. വീണ്ടും ഒരു വീപ്പ കൂടി വന്നു. അതിനു ശേഷം വന്നതൊന്നും അയാൾ എണ്ണി നോക്കിയില്ല. എച്ചിൽ കൊണ്ട് കുഴി നിറഞ്ഞു. “ഇനി അതെല്ലാം ചവിട്ടി ലെവലാക്കി ക്കോ” എന്ന് സിനാന്റെ ആജ്ഞ. ഗോപാൽ യാദവ് മിണ്ടാതെ കുഴിവക്കിൽ തന്നെ നിന്നു. “ചവിട്ടി അമർത്ത് ഭായി” സിനാന്റെ ഒച്ച ഉയർന്നു. കിടക്കുന്നത് ബസ്മതിയാണ്. സിനാൻ വീണ്ടും ഒച്ച വെയ്ക്കുന്നു. ചവിട്ടി,നെഞ്ചത്തു തന്നെ ചവിട്ടി. ആദ്യം ഒരു കരച്ചിൽ കേട്ടു. പിന്നെ അതൊരു ഞരക്കമായി. ഒടുവിൽ അതും ഇല്ലാതെയായി. “ഇനി മൂടിക്കോ.” വിയർത്തൊലിച്ച് കാൽപ്പാദങ്ങളിൽ നെയ്യും മസാലയുമായി നില്ക്കുന്ന ഗോപാലി നോട്ടിനാൻ പറഞ്ഞു. ഒരു കൈക്കോട്ട് മണ്ണു കോരി കുഴിയിലിട്ട യാദവിനെ ചേർത്ത് സിനാൻ ഒരു സെൽഫിയെടുത്തു. പിന്നെയാണ് ഭായിക്ക് എത്രയാണ് മക്കളെന്ന ചോദ്യം സിനാനിൽ നിന്നുണ്ടാവുന്നത്. “ഒരു മകൾ”, “പേര്?” “ബസ്മതി” “നിക്കാഹ് കഴിഞ്ഞോ, പഠിക്ക്യാണോ” “ഇല്ല, അല്ല”, “പിന്നേ?” “മരിച്ചു”, “എങ്ങനെ”, “വിശന്നിട്ട്. ഹ്രസ്വമായ ഈ ചോദ്യോത്തരങ്ങളാണ് വായനക്കാരെ വൈകാരികമായി ഏറ്റവുമധികം വീർപ്പുമുട്ടിക്കുന്നത്. ഗോപാൽ യാദവ് ഒരു കൈക്കോട്ട് മണ്ണു കൂടി ബസ്മ തിക്കു മേൽ കൊത്തിയിട്ടു. പിന്നെ കുറേ ശ്വാസം

ഉള്ളിലേക്ക് വലിച്ചെടുത്തു. എന്ന് എഴുതിക്കൊണ്ടാണ് കഥ അവസാനിപ്പിക്കുന്നത്.

ഗോപാൽ യാദവിന്റെ മകളുടെ പേര് ബസ്മതി എന്നായതിലുള്ള ഐറണിയാണ് കഥയിലെ ദുരന്തത്തെ തീവ്രതരമാക്കുന്നത്. കാൽ പൊക്കാനുമാവാതെ വിശന്നും തളർന്നും കഴിച്ച് മൂടേണ്ടത് തന്റെ മകൾക്ക് ഒരു തരി പോലും കിട്ടാതിരുന്ന വിശിഷ്ട ഭോജ്യമാണെന്ന അറിവിൽ കുഴഞ്ഞ് നില്ക്കുന്ന അയാളുടെ കാലടികൾ പൊങ്ങേണ്ടത് ബസ്മതിയുടെ നെഞ്ചിൽ ചവിട്ടാനാണ്. സമൂഹത്തോട് അമർത്തി വെച്ച കോപത്തോ ടെയും വെറുപ്പോടെയും അതു ചെയ്ത അയാളുടെ കാലടികളിൽ നെയ്യും മസാലയും പുരളുന്നു. ബസ്മതി സ്നേഹം പുരട്ടി കാൽ തടവുകയാണോ എന്ന് തോന്നും വിധം.

രണ്ട് ഭിന്ന ഭൂമേഖലകളിലെ വ്യത്യസ്തമായ ജാതി വ്യവസ്ഥകളെ ബിരിയാണി എന്ന കഥ പ്രശ്നവല്ക്കരിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിലും തൊഴിലിലും ആയുർദൈർഘ്യത്തി ലുമെല്ലാം മുൻപന്തിയിൽ നില്ക്കുന്ന മലയാളിയുടെ ജീവിതാവസ്ഥ ഒരു വശത്ത്. അതിനോട് താരതമ്യം ചെയ്യാൻ പോലുമാവാത്ത ഉത്തരേന്ത്യക്കാരന്റെ ദുരിതജീവിത യാഥാർത്ഥ്യ ങ്ങൾ മറുവശത്ത്. കഥയിലൊരിടത്ത് ഈ അന്തരത്തെ അവരുടെ കൂലിയുമായി ചേർത്ത് നിർത്തി വിശദീകരിക്കുന്നുണ്ട്. മലയാളിക്ക് 600 തമിഴന് 500 ബംഗാളിക്ക് 350 ബീഹാറിക്ക് 250 അതാണ് ഇവിടുത്തെ റേറ്റ് എന്ന് ഇതിനെ അടയാളപ്പെടുത്തുന്നുണ്ട്. അഗോളീകരണം അപമാനവീകരിച്ച ഉത്തരേന്ത്യൻ ഗ്രാമങ്ങളുടെ പ്രതിനിധി കൂടിയാണ് ഗോപാൽ യാദവ്. കൊടും ദാരിദ്ര്യത്തിൽ പത്നിയെയും മകളെയും നഷടപ്പെട്ട് പ്രവാസ ത്തിന്റെ പതിറ്റാണ്ട് പിന്നിട്ട അയാൾ ഇതിനിടയിൽ തന്റെ നാട് തന്നെ വിഭജിക്കപ്പെട്ടതും അറിഞ്ഞിട്ടില്ല.

'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണെ'ന്ന് ആടുജീവിതത്തിന്റെ ആമുഖത്തിൽ ബെന്യാമിൻ പറയുന്നുണ്ട്. ഇതിനെ ഓർമ്മിപ്പിക്കുന്നതാണ് ഗോപാൽ യാദവിന്റെ ജീവിതം. ഉത്തരേന്ത്യൻ ദുരിതയാഥാർ ത്ഥ്യങ്ങൾക്ക് അഭിമുഖമായാണ് ശരാശരി മലയാളിയുടെ ധൂർത്തും പൊങ്ങച്ചവും കഥാ കൃത്ത് അവതരിപ്പിക്കുന്നത്. കേരളത്തിലെ ശക്തമായ സാമൂഹിക തൊഴിൽ വ്യവസ്ഥകൾ പഴയ കോരനെ ഇല്ലാതാക്കിയിട്ടുണ്ടെങ്കിലും അവൻ പുതിയ പേരുകളോടെ ഇപ്പോൾ മറ്റൊരു രൂപത്തിൽ കടന്നു വരുന്നുണ്ട്; ബംഗാളിയായും ബീഹാറിയായും മറ്റും. അവന്റെ വിയർപ്പിലും ചോരയിലുമാണ് നമ്മുടെ പൊങ്ങച്ചജീവിതവും ധൂർത്തും കെട്ടിപ്പൊക്കി യിരിക്കുന്നത് എന്ന് കൂടി ബിരിയാണി നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ഇങ്ങനെ വ്യത്യസ്ത ജീവിതങ്ങളിലെ സ്ഥിതിവിശേഷങ്ങൾ തമ്മിലുള്ള സംഘർഷമാണ് ഈ കഥയെ ഹൃദയാർദ്രമാക്കുന്ന ഒരു ഘടകം.

മരിക്ക സാധാരണ; മീ-വിശപ്പിൽ
ദ്ദഹിക്കലോ നമ്മുടെ നാട്ടിൽ മാത്രം
ഐക്യക്ഷയത്താലടിമശ്ശവങ്ങ -
ളടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം

(മാപ്പ്, സാഹിത്യമഞ്ജരി, അഞ്ചാം ഭാഗം)

എന്ന് 1925-ൽ വള്ളത്തോൾ എഴുതിയിട്ട് കാലമേറെയാകുന്നു. 'അന്യരെ' കെട്ടുകെട്ടിച്ചിട്ട് ഒരു നൂറ്റാണ്ടാകാറാകുമ്പോഴും വിശന്നു മരിക്കുക എന്ന ദുരന്തം ഭാരതത്തിൽ സംഭവിക്കുന്നു എന്നത് നമ്മെ ലജ്ജിപ്പിക്കും. സ്വാതന്ത്ര്യത്തിന് മുമ്പ് ദുരന്തങ്ങളുണ്ടാവുന്നത് 'അന്യർ' മൂലമാണെങ്കിൽ ഇന്ന് നമ്മൾ തന്നെയാണ് അതിനു കാരണമാകുന്നത് എന്നോർത്താണ് നമുക്ക് തല താഴ്ത്തേണ്ടി വരുന്നത്. വിശപ്പ് എന്നത് ആദ്യമായല്ല ഒരു കഥയ്ക്കുള്ള വിഷയമാകുന്നത്. കാരൂരിന്റെ 'പൊതിച്ചോർ' എന്ന കഥ വിശപ്പിന്റെ അസഹനീയതയെ തീവ്രമായി ആവിഷ്ക്കരിക്കുന്ന രചനയാണ്. വിദ്യാർത്ഥികളുടെ പൊതിച്ചോർ

മോഷണത്തിലേക്ക് അധ്യാപകന്റെ വിശപ്പിനെ കൊണ്ടെത്തിക്കുമ്പോൾ വിശപ്പിന്റെ സാമൂഹികതലത്തെയും പഴയകാല അധ്യാപകരുടെ ജീവിതദൈന്യത്തെയും ആവിഷ്ക്കരിക്കാനാണ് കാരൂർ ശ്രമിക്കുന്നതെന്നു പറയാം. എന്നാൽ ബിരിയാണിയിൽ വിശപ്പ് വൈയക്തികാനുഭവത്തിനപ്പുറം മരണഗന്ധമുള്ള ജീവിതാനുഭവം കൂടിയായി മാറുന്നു.

ബീഹാറുകാരനായ ഒരു ഇതരസംസ്ഥാനത്തൊഴിലാളി കഥയുടെ കേന്ദ്രസ്ഥാന ത്തേക്ക് വരുന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ്. ദാരിദ്ര്യവും വിശപ്പും മലയാള സാഹിത്യ ത്തിന്റെ പ്രധാന ഇതിവൃത്തമായിരുന്ന ഒരു കാലയളവുണ്ടായിരുന്നു. മലയാള നവോ ത്ഥാന കാഥികർ ഈ വിഷയത്തെ പല വിധത്തിൽ പ്രതിനിധാനം ചെയ്തിട്ടുമുണ്ട്. എന്നാൽ സാമൂഹിക സാഹചര്യങ്ങൾ മാറി. ഗൾഫ് പണത്തിന്റെയും മറ്റും വരവ് കേരളീയ ജീവിതത്തെ മാറ്റിമറിച്ചു. ഇതരസംസ്ഥാനക്കാർ കേരളത്തെ ഒരു ഗൾഫായിക്കണ്ട് ഇവിടേക്ക് ഒഴുകിയെത്താൻ തുടങ്ങി. ചൂഷക-ചൂഷിത രൂപങ്ങളിൽ മാറ്റമുണ്ടായി. സംസ്ക്കാര സമ്പന്നരെന്ന് അഭിമാനിക്കുന്ന മലയാളികൾ ഇതര സംസ്ഥാനത്തൊഴിലാളികൾക്കു മുന്നിൽ വിലപേശി നില്ക്കുന്ന കാഴ്ച സാധാരണമായി മാറുന്നു. ഈ ചൂഷണത്തെയും കഥാകൃത്ത് നിർദ്ദയം വിമർശിക്കുന്നുണ്ട്. നോക്കുകൂലിയും പണിക്കൂലിയും വ്യത്യസ്തമാന ദണ്ഡങ്ങൾ തീരുമാനിക്കുന്ന, സമയം ക്ലിപ്തപ്പെടുത്തി അധ്വാനത്തിന് വിലയിടുന്ന പതിവ് സമ്പ്രദായങ്ങളും മുറയൊന്ന് തെറ്റിയാൽ സമരവും ജാഥകളും നടത്തുന്ന നമ്മുടെ വ്യവസ്ഥിതിയെക്കൂടിയാണ് പരോക്ഷമായി കഥാകൃത്ത് വിചാരണ ചെയ്യുന്നത്.

പ്രവാസജീവിതത്തിലെ അന്യവത്ക്കരണത്തെയും ബിരിയാണിയിൽ സന്തോഷ് ഏച്ചിക്കാനം സൂക്ഷ്മമായി അടയാളപ്പെടുത്തുന്നുണ്ട്. ഗോപാൽ യാദവ് വർഷങ്ങൾക്കു മുമ്പ് നാടുവിടുമ്പോൾ അയാൾ ബീഹാറുകാരനാണ്. ഇന്ന് ബീഹാറിയല്ല.

"ബീഹാറിൽ ലാൽ മാത്തിയ എന്ന പ്ലേസൊന്നുമില്ലല്ലോ ഭായീ" എന്ന് ഗൂഗിളിൽ തിരഞ്ഞ് സിനാൻ പറയുന്നുണ്ട്. മണ്ണിൽ തറഞ്ഞു കയറിയ പിക്കാസ് വലിച്ചെടുക്കാതെ ഗോപാൽ യാദവ്സിനാനുനേരേ നോക്കി. ലാൽ മാത്തിയ ബീഹാറിലാണ്. 'യേ മേരേ ഗാവ് ഹെ' 'തും ജോക് മത് ബോലോ' 'അത് ജാർഖണ്ഡിലാണ് ഭായി ദേ നോക്ക്'

മരിച്ചു പോയ ഒരാളുടെ മുഖത്തെ വെള്ളത്തുണി മാറ്റുന്നതുപോലെ സ്ക്രീൻ നീക്കി സിനാൻ ബീഹാറിൽ നിന്ന് ജാർഖണ്ഡിൽ പോയിക്കിടക്കുന്ന ലാൽ മാത്തിയയെ ഗോപാലിന് കാണിച്ചു കൊടുത്തു. തന്നെപ്പോലെ തന്റെ നാടും ബീഹാർ വിട്ടിരിക്കുന്നു. അയാൾ കുറേ ശ്വാസം ഉള്ളിലേക്ക് വലിച്ചെടുത്തു. പിന്നെ, പുറത്തേക്ക് മെല്ലെ വിട്ടു. സ്നേഹമുള്ളവർ മരിക്കുമ്പോഴൊക്കെ അയാൾ അങ്ങനെയാണ് ചെയ്തിട്ടുള്ളത്. ഗോപാൽ യാദവ് മണ്ണിൽ ഉറഞ്ഞു കിടക്കുന്ന പിക്കാസ് പൊക്കി. അപ്പോൾ അടർന്നു വന്ന നനഞ്ഞ മൺകട്ടയിൽ അയാൾ ബീഹാറിനെ സങ്കല്പിച്ചു. അയാളുടെ കണ്ണുകൾ നിറഞ്ഞു. അരിശത്തോടെ പിക്കാസിന്റെ കട കൊണ്ട് മൺകുട്ടയിൽ ആഞ്ഞടിച്ചു. അത് ഒരു തലയോട്ടി പോലെ രണ്ടായി ചിതറി. ഒന്ന് ബീഹാറും മറ്റേത് ജാർഖണ്ഡും "ഇതിൽ എവിടെയാണ് ഞാൻ" അയാൾ സ്വയം ചോദിച്ചു.

ഈ തേങ്ങൽ അസ്ഥിത്വം നഷ്ടപ്പെട്ടു പോകുന്ന പ്രവാസിയുടെയും അരികു ജീവിതങ്ങളുടെയുമാണ്. നാടും വീടുമുപേക്ഷിച്ച് പലായനം ചെയ്യേണ്ടി വരുന്ന അഭയാർ ത്ഥികളുടെ പൊള്ളുന്ന ജീവിതം ലോകത്തെമ്പാടും നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന വർത്ത മാനകാല പരിതസ്ഥിതിയിൽ ഗോപാൽ യാദവിന്റെ ജീവിതം വലിയ നൊമ്പരമായി മാറുന്നുണ്ട്.

ഋജുവും അനുഭവതീവ്രവുമായ ആഖ്യാനശൈലിയാണ് സന്തോഷ് ഏച്ചിക്കാന ത്തെ ഉത്തരാധുനിക കഥാകൃത്തുക്കളിൽ

ശ്രദ്ധേയനാക്കുന്നത്. വ്യവഹാരഭാഷയോട് അടുപ്പം പുലർത്തുന്ന ജൈവഭാഷയാണ് കഥയിലുടനീളം കാണാനാവുന്നത്. എന്നാൽ പ്രാദേശികതയുടെ മുദ്രയുള്ള ശൈലികളും വാക്കുകളും സാമുദായികഭാഷണഭേദങ്ങളും ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നുണ്ട്. 'ഹാജത്ത്', 'പകിടി ചോദിക്കുക' തുടങ്ങിയവ ഉദാ ഹരണം. മലയാളത്തിനൊപ്പം ഹിന്ദിയും കടന്നുവരുന്നുണ്ടെന്നാണ് മറ്റൊരു പ്രത്യേകത. "അരേ ഭായി തും മേരാ സാത് ആവോ" 'ഇഥർ നയാ ഹെ തും?' 'അഭി തും മലയാളം സീകാ'. എന്നിങ്ങനെയുള്ള ഭാഷാപ്രയോഗങ്ങൾ മലയാളിക്കിന്ന് സുപരിചിതമാണ്. രസകരമായ മറ്റൊരു വസ്തുത മലയാളിയേക്കാൾ നന്നായി ബീഹാറി മലയാളം പറയു ന്നുണ്ട് എന്നതാണ്. സിനാനോട് കുഴിക്ക് എത്ര ആഴം വേണമെന്ന് ചോദിക്കുമ്പോൾ "ഭായീരെ ആയം മതി"യെന്നാണ് മറുപടി പറയുന്നത്.

വർത്തമാനകാല സമൂഹത്തിന്റെ ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളാണ് ഏച്ചിക്കാ നത്തിന്റെ കഥകളുടെ പൊതുവായ പ്രമേയപരിസരം. ജീവിതത്തെക്കുറിച്ചുള്ള വലിയ ചോദ്യങ്ങൾ ഈ കഥകൾ ഉന്നയിക്കുന്നുണ്ട്. തീവ്രമായ അനുഭവലോകവും ലളിതമായ സാധനയും ആവശ്യപ്പെടുന്ന കഥകളാണവ. സമ്പത്തിനും ഉപഭോഗത്തിനും വേണ്ടിയുള്ള മനുഷ്യന്റെ വ്യഗ്രത മുൻകാലത്തെക്കാൾ ഇന്ന് ശക്തമാണ്. യന്ത്രവൽകൃത മനുഷ്യ സമൂഹമാണ് സൈബർ യുഗത്തിന്റെ ദുരന്തക്കാഴ്ച. കൊമാലയിൽ മറ്റൊരുരൂപത്തിൽ ഇക്കാര്യം അദ്ദേഹം ശക്തമായി മുൻപ് അവതരിപ്പിച്ചിട്ടുണ്ട്. ബിരിയാണി കുഴിച്ചുമൂടവേ ഗോപലാൽ യാദവിനോടൊപ്പം കുഴിക്കരികിൽ നിന്ന് സെഫിയെടുത്ത സിനാൻ സൈബർയുഗത്തിലെ മലയാളിയുടെ അധഃപതനത്തിന്റെ നേർക്കാഴ്ചയാണ്. ഇവിടെ സ്നേഹവും കരുണയും പ്രതീക്ഷിക്കുന്ന മനഷ്യർ വിഡ്ഢികളാക്കപ്പെടുന്നു. നവസമൂഹം നവകഥകളിൽ

എങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്നുള്ളത് ഏച്ചിക്കാനത്തിന്റെ കഥകൾ കൃത്യമായി കാണിച്ചുതരുന്നുണ്ട്. വളച്ചുകെട്ടലുകളോ അമിതമായ ആലങ്കാരിക പ്രയോഗ ങ്ങളോ മാസ്മരികതകളോ ആഖ്യാനത്തെ സങ്കീർണ്ണമാക്കുന്നില്ല. പൊതുസമൂഹത്തിൽ അവശതയനുഭവിക്കുന്ന സാധാരണക്കാരിൽ സാധാരണക്കാരനായ ഒരുവന്റെ പ്രതിനിധി യായി നിന്നുകൊണ്ടാണ് എച്ചിക്കാനം കഥ പറയുന്നത്. ബിരിയാണി എന്ന കഥ ഇത്രമേൽ ജനപ്രിയമാകാൻ കാരണവും മറ്റൊന്നല്ല.

## അടിക്കുറിപ്പുകൾ:

1. സന്തോഷ് ഏച്ചിക്കാനം, ബിരിയാണി,ഡി,സി.ബുക്ക്സ്,കോട്ടയം,2018 എല്ലാ ഉദ്ധരണികളും ഈ പതിപ്പിൽ നിന്ന്.
2. വള്ളത്തോൾ നാരായണ മേനോൻ,വള്ളത്തോൾ കവിതകൾ ഡി,സി.ബുക്ക്സ്,കോട്ടയം,2003
3. കാരൂർ നീലകണ്ഠപ്പിള്ള,കാരൂർ കഥകൾ സമ്പൂർണം, എച്ച് & സി.പബ്ലിഷേഴ്സ്,തൃശൂർ,2013.